## വിജയശ്രീ

# എൺപതിനായിരം യുവതീയുവാക്കൾക്കു സൗജന്യ തൊഴിൽ പരിശീലനം

കേന്ദ്രത്തിന്റെ വിവിധ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കാനുള്ള ചുമതല ലഭിച്ചിരിക്കുന്നത് കുടുംബശ്രീക്കാണ്. കാർഷിക മേഖലയിൽ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എംകെഎസ്പി), പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ-നഗരം), ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജിക) തുടങ്ങിയ അനവധി പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. സുസ്ഥിര ഉപജീവനം ലക്ഷ്യമിട്ട് ഗ്രാമീണ മേഖലയിലെ യുവതീയുവാക്കൾക്ക് സൗജന്യ തൊഴിൽ പരിശീലനവും തൊഴിലും ഉറപ്പ് നൽകുന്നതിനായി കേന്ദ്രസർക്കാർ ആരംഭിച്ച പദ്ധതിയാണ് ഡിഡിയുജികെവൈ. 2015 മുതലാണ് പദ്ധതി കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പിലാക്കിത്തുടങ്ങിയത്.

18 വയസ്സു മുതൽ 35 വയസ്സു വരെയുള്ളവർക്കു പരിശീലനത്തിന്റെ ഭാഗമാകാനാകും. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപെട്ടവർ എന്നിവർക്ക് 45 വയസ്സു വരെയാണ് ഉയർന്ന പ്രായപരിധി. 32 തൊഴിൽ മേഖലകളിൽ 126 കോഴ്സുകളിൽ പരിശീലനം നേടാനാകും. 14 ജില്ലകളിലായി 150ലേറെ പരിശീലന കേന്ദ്രങ്ങളുണ്ട്. മൂന്നു മാസം മുതൽ ഒരു വർഷം വരെ കാലാവധിയുള്ളതാണ് കോഴ്സുകൾ. കോഴ്സുകൾ വിജയിക്കുന്നവർക്ക് എൻസിവിടി (നാഷനൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിങ്), എസ്എസ്സി (സെക്ടർ സ്കിൽ കൗൺസിൽ) സർട്ടിഫിക്കറ്റുകളാണ് ലഭിക്കുന്നത്. 2017, 2018 വർഷങ്ങളിൽ ദേശീയ തലത്തിലെ മികച്ച പ്രകടനത്തിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ബഹുമതികളും കുടുംബശ്രീക്കു ലഭിച്ചിരുന്നു.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

# വളയം പിടിച്ച് വിജയം നേടിയവൾ

ജീവിതവഴിയിൽ ഷീന സലിം നേരിട്ട തിരിച്ചടികൾക്കു കണക്കില്ല. ആഗ്രഹിച്ചതുപോലെ പഠിക്കാൻ കഴിഞ്ഞില്ല, ഭർത്താവും മക്കളുമൊത്ത് നല്ലൊരു കുടുംബജീവിതത്തിനും ഭാഗ്യമുണ്ടായില്ല. ആകെ സാമ്പത്തിക ഞെരുക്കവും പ്രതിസന്ധികളും മാത്രം. എന്നാൽ ഇന്ന് ആ അവസ്ഥയ്ക്കെല്ലാം മാറ്റമായിരിക്കുന്നു. മകൾ എംബിബിഎസിന് പഠിക്കുന്നു, മകൻ ഡിഗ്രിക്കും. ഭർത്താവിന്റെ അമ്മയും ഒന്നിച്ച് സ്വന്തം വീട്ടിൽ അഭിമാനത്തോടെ തലയുയർത്തി ജീവിക്കുകയാണ് ഷീന എന്ന കൊല്ലം പുനലൂർ കാരക്കാട് സ്വദേശിനി. അതിന് ഷീനയെ പ്രാപ്തയാക്കിയതോ. അമൽ ഡ്രൈവിങ് സ്കൂൾ എന്ന വ്യത്യസ്ത ആശയവും.




1994ൽ വിവാഹിതയായ ഷീനയുടെ ഭർത്താവ് സലീം ഗൾഫിലായിരുന്നു ജോലി ചെയ്തിരുന്നത്. ടൂ വീലർ ഓടിക്കാൻ പഠിച്ചതാണ് പിന്നീടു ഷീനയുടെ ജീവിതത്തിൽ വഴിത്തിരിവായത്. അസുഖ ബാധിതനായി 2014ൽ ഭർത്താവ് മരണമടഞ്ഞതോടെ ജീവിതം വഴിമുട്ടിയ അവസ്ഥ. എന്നാൽ തനിക്കറിയാവുന്ന ഒരു വിദ്യ പകർന്നു നൽകി എന്തുകൊണ്ട് ജീവിതമാർഗം കണ്ടെത്തിക്കൂടാ എന്ന് ഷീന ചിന്തിച്ചു. ഫലമോ അമൽ ഡ്രൈവിങ് സ്കൂൾ എന്ന വേറിട്ട ആശയം പിറന്നു. കാരക്കാട് വാർഡിൽ പവിത്രം കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ സെക്രട്ടറിയുടേതുൾപ്പെടെയുള്ള ഭാരവാഹിത്വം വഹിച്ചിരുന്ന ഷീനയ്ക്ക് ആ സംരംഭത്തിനു പിന്തുണയുമായി കുടുംബശ്രീയും ഒപ്പം നിന്നു. രണ്ടു ലക്ഷം രൂപ വായ്പയായി കുടുംബശ്രീയിൽ നിന്നു ലഭിച്ചു.

2015ൽ റജിസ്ട്രേഷൻ കിട്ടിയതിനുശേഷം പിന്നീടു തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല. ഷി ടാക്സി, ഷീ ഓട്ടോ പദ്ധതികൾക്കായി സ്ത്രീകളെ ഡ്രൈവിങ് പരിശീലിപ്പിക്കാനുള്ള ചുമതല കുടുംബശ്രീ തന്നെ ഷീനയ്ക്കു നൽകി. അങ്ങനെ തുടങ്ങിയ ഡ്രൈവിങ് സ്കൂളിൽ ഇന്ന് ഇതുവരെ 500ലേറെ കുട്ടികൾ പഠിച്ചിറങ്ങി. 35,000 രൂപ ഇന്നൊവേഷൻ ഫണ്ടായും കുടുംബശ്രീ നൽകി. 3 കാറുകളും 5 ഇരുചക്ര വാഹനങ്ങളും ഒരു ഓട്ടോയും ഇപ്പോൾ സ്കൂളിനു സ്വന്തമായുണ്ട്. വാഹന ലൈസൻസ് സംബന്ധമായ എല്ലാവിധ പേപ്പറുകളും ഇവിടെ ശരിയാക്കി നൽകും. രാവിലെ 6.30ന് ആരംഭിക്കുന്ന ഷീനയുടെ ജോലി ദിനം രാത്രി ഏഴും എട്ടും വരെ നീളും. രണ്ടു സ്ത്രീകളുൾപ്പെടെ മൂന്നു സ്റ്റാഫും ഇപ്പോൾ ഡ്രൈവിങ് സ്കൂൾ പ്രവർത്തനങ്ങളിൽ സഹായിക്കാനായി ഷീനയ്ക്കൊപ്പമുണ്ട്. മാസം എല്ലാ ചെലവുകളും കഴിഞ്ഞ് 50,000 രൂപ വരെയും സ്കൂളിൽ നിന്നു ലഭിക്കുന്നു. ഹെവി ലൈസൻസുൾപ്പെടെയുള്ള ലൈസൻസുകളും ഷീനയ്ക്കുണ്ട്.

ആർടി ഓഫിസിൽനിന്ന് നിർദേശിച്ചതനുസരിച്ച് മലപ്പുറത്ത് ഡ്രൈവർ ട്രെയിനിങ് ആൻഡ് റിസേർച് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനവും ഷീന പാസായി കഴിഞ്ഞു. ഗൾഫ് ലൈസൻസ് എടുക്കാനുള്ള ക്ലാസ്സുകളും ഇപ്പോൾ ഷീന നൽകുന്നു. ഇതിനിടയിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴി ജോലി ലഭിച്ചിരിക്കുകയാണ് ഷീനയ്ക്ക്. ആ ജോലിയും ചെയ്യും കൂടെ ഡ്രൈവിങ് സ്കൂളും വിജയകരമായി കൊണ്ടുപോകുമെന്ന് ഉറച്ചു പറയുന്നു ഷീന.

# ലോജിസ്റ്റിക് ആൻഡ് സപ്ലേ ചെയിൻ

*ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്ക് പദ്ധതി വഴി നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ തൊഴിലും ഉറപ്പ് നൽകുന്നു. കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 126 ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും. 18 വയസ്സു മുതൽ 35 വയസ്സു വരെ പ്രായമുള്ള യുവജനങ്ങൾക്കു പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപെടുന്ന ആദിവാസികൾ എന്നിവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റെസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു. താമസവും ഭക്ഷണവും സൗജന്യമാണ്.*

ലോജിസ്റ്റിക് ആൻഡ് സപ്ലേ ചെയിൻ മാനേജ്മെന്റ് വിഭാഗത്തിന് കീഴിൽ ഡോക്യുമെന്റേഷൻ അസിസ്റ്റന്റ്, ഇൻവെന്ററി ക്ലർക്ക്, വെയർഹൗസ് പിക്കർ, ഓഫിസ് അസിസ്റ്റന്റ് എന്നീ തൊഴിലുകളിൽ പരിശീലനം നൽകിവരുന്നു. ഇതുവരെ പരിശീലനം നേടിയ 500ലേറെ വിദ്യാർഥികൾക്കു ജോലി ലഭിച്ചു കഴിഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന കോൾ സെന്റർ നമ്പരിൽ വിളിക്കാം- 04842 959595

## കുടുംബശ്രീ ഇൻഫോ

### കുടുംബശ്രീ സേവനങ്ങളും ഇനി ഓൺലൈനായി ബുക്ക് ചെയ്യാം

വിവിധ കുടുംബശ്രീ സൂക്ഷ്മ സംരംഭ യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്കൊപ്പം കേറ്ററിങ്, ഇവന്റ് മാനേജ്മെന്റ്, ഡേകെയർ, നൃത്ത പരിശീലനം, മാട്രിമോണി, ലേഡിസ് ഹോസ്റ്റൽ തുടങ്ങിയ സേവനങ്ങളും ഇപ്പോൾ ഓൺലൈനായി ബുക്ക് ചെയ്യാം. കുടുംബശ്രീബസാർ.കോം (www.kudumbashreebazaar.com) എന്ന കുടുംബശ്രീയുടെ വെബ്സൈറ്റിലാണ് ഇപ്പോൾ ഉൽപന്നങ്ങൾക്കൊപ്പം സേവനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ ജില്ലയിലുള്ളവർക്ക് അതത് ജില്ലകൾ തിരിച്ച് യൂണിറ്റുകൾ കാണാനും ബുക്ക് ചെയ്യാനുമുള്ള സൗകര്യമുണ്ട്.